**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് നഗരസഭ – സോഫ്റ്റ് ബോൾ ലോകകപ്പ് മത്സരം - ഇന്ത്യൻ ടീമിൽ സെലക്ഷൻ ലഭിച്ച അജ്മലിന് സാമ്പത്തിക സഹായം – നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 1380/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 02/05/2017

പരാമർശം:- 1. കോഴിക്കോട് നഗരസഭാ സെക്രട്ടറിയുടെ 13/03/2017 ലെ ഡി1/12564/17 നമ്പർ കത്ത്.

2. സ.ഉ.(എം.എസ്) 58/06/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

കോഴിക്കോട് നഗരസഭയിലെ 44-ാം വാർഡിൽ താമസിക്കുന്ന അജ്മലിന് സോഫ്റ്റ്ബോൾ ഇന്ത്യൻ ടീമിലേക്ക് സെലക്ഷൻ ലഭിച്ചെന്നും പ്രസ്തുത ലോകകപ്പ് മത്സരത്തിൽ പങ്കെടുക്കുന്നതിനായി സാമ്പത്തിക സഹായം കോഴിക്കോട് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കണമെന്നുമാണ് പരാമർശം (1) പ്രകാരം കോഴിക്കോട് നഗരസഭാ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സോഫ്റ്റ്ബോൾ ലോകകപ്പ് മത്സരത്തിൽ ഇന്ത്യൻ ടീമിൽ സെലക്ഷൻ ലഭിച്ച അജ്മലിന് സാമ്പത്തിക സഹായം നൽകുന്നതിനായി കോഴിക്കോട് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 25000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപ ചെലവഴിക്കുന്നതിന് പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി ജെ ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കോഴിക്കോട് നഗരസഭ
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ